(സി) പുതിയ അണക്കെട്ടിനായുള്ള പഠനത്തിന് കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയത്തിൽ (MOEF) നിന്നും അംഗീകാരം നേടുകയും പഠനത്തിനുശേഷം പുതിയ അണക്കെട്ടിന്റെ Detailed Project report (DPR), തയ്യാറാക്കി കേന്ദ്ര സർക്കാരിനും Empowered Committee-യ്ക്കും സമർപ്പിക്കുകയുണ്ടായി. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് വേണ്ടിയുള്ള എൻ.ഒ.സി-യ്ക്കായി (NOC) ; വനം വകുപ്പ് മുഖേന കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ അപേക്ഷ സമർപ്പിക്കുകയും പരിസ്ഥിതി ആഘാത പഠനത്തിനായി നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ അംഗീകാരം നേടുകയുമുണ്ടായി. സംസ്ഥാന വനം വകുപ്പിന്റെ കൂടി സഹകരണത്തോടെ പരിസ്ഥിതി ആഘാത പഠനം നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രാവർത്തികമാക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നുവരുന്നു.

കടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

20 (*80) ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരൂക്ഷമായ വരൾച്ചകാരണം സംസ്ഥാനത്താകെ കടിവെള്ളക്ഷാമം നേരിടുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-ൽ സംസ്ഥാനം നേരിട്ട അതിരൂക്ഷമായ വരൾച്ചയെ തുടർന്ന് പ്രഖ്യാപിച്ച 505 കോടി രൂപയുടെ പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി ലക്ഷ്യം നേടിയോ ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ.ജോസഫ്):

(എ) വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി താഴെ പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.
2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ.
3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.
4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.
5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ് ലൈനുകൾ നീട്ടുക.
6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.
7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്ക് വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ച് വിടുകയും ചെയ്യുക.
8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.
9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ്സമയം ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളംനൽകുക മുതലായവ.

സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനും പുതിയ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ നവീകരിക്കുന്നതിനും ഭൂജലവകുപ്പ് ഉദ്ദേശിക്കുന്നു.

വരൾച്ച നേരിടുന്നതിനായി മണൽചാക്കിട്ട് വെള്ളം ഒഴുകിപോകാതെ താൽക്കാലിക തടയണ കെട്ടുക, കുളങ്ങൾ മുതലായവയുടെ പുനരുദ്ധാരണം നടത്തുക, കനാലുകളിൽ അടിഞ്ഞിട്ടുള്ള ചെളി നീക്കം ചെയ്യുക, കനാലുകൾ നവീകരിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുക, ഉപ്പ് വെള്ളം കയറുന്നത് തടയാൻ താൽക്കാലിക ബണ്ടുകൾ ഇടുക എന്നീ ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക്ഡാം നിർമ്മാണവുമാണ് ജലസേചന വകുപ്പ് ഫണ്ട് ലഭ്യത അനുസരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ജലസേചന വകുപ്പ്, ഭൂജലവകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവയ്ക്ക് ആവശ്യമായ ഇക അനുവദിക്കുന്നത് സർക്കാർ പരിഗണിച്ച് വരുകയാണ്.

(ബി) വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾക്കായി 2013-ൽ 57 കോടി രൂപയുടെ അനുമതി താഴെ പറയുന്ന പ്രവർത്തികളുടെ നിർവ്വഹണത്തിനായി സർക്കാർ ജലഅതോറിറ്റിക്ക് നൽകിയിരുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(രൂപ കോടിയിൽ)

1	സ്രോതസ്സുകളുടെ പുനരുദ്ധാരണം	24.81
2	പമ്പ് സെറ്റുകളുടെയും/വൈദ്യുത ഉപകരണങ്ങളുടെയും നന്നാക്കൽ/മാറ്റി സ്ഥാപിക്കൽ	26.22
3	അധികസമയ പമ്പിംഗ്ഗും വാൽവ് നിയന്ത്രിക്കലും	2.62
4	വാൽവുകൾ/വാൽവ് ചേംബേഴ്സ് പുതിയവ/ മാറ്റി സ്ഥാപിക്കൽ	0.36
5	ലീക്കുകൾ ശരിയാക്കുന്നതിനുള്ള സ്യാഡ്	0.57
6	ചെറുകിട പദ്ധതികൾ	2.42
	ആകെ	57.00

ഇതിൽ 1560 പ്രവൃത്തികൾക്ക് 55.42 കോടി രൂപയുടെ ഭരണാനുമതി ജല അതോറിറ്റി നല്കിയതിൽ 1163 പ്രവൃത്തികളുടെ പണികൾ പൂർത്തീകരിക്കുകയും 37 പദ്ധതികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരികയും ചെയ്യുന്നു. ഇവയുടെ പണികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. ചില പദ്ധതികൾ മഴമൂലവും ടെണ്ടർചെയ്തിട്ടും പണികൾ ഏറ്റെടുക്കുവാൻ ആരും തയ്യാറാകാത്തതിനാലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

2013-ലെ വരൾച്ച നേരിടുന്നതിനായി പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഭൂജലവകുപ്പിന് 13 കോടി രൂപ ലഭിച്ചു. ആകെ 710 കഴൽക്കിണർ/ട്യൂബ്‌വെൽ നിർമ്മാണം, 182 ചെറുകിട കുടിവെള്ള പദ്ധതികൾ, 285 ഹാൻഡ് പമ്പ് സ്കീം, 804 ഹാൻഡ് പമ്പ് റിപ്പയറുകൾ എന്നിവ പൂർത്തീകരിക്കുകയും 12,95,58,812 രൂപ ചിലവാക്കുകയും ചെയ്തിട്ടുണ്ട്.

ജലസേചനവകുപ്പിന് 700 ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനായി 400 കോടി രൂപയാണ് പ്രഖ്യാപിച്ചിരുന്നത്. ആദ്യഘട്ടമായി 183 ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിനായി 106.60 കോടി രൂപയുള്ള ഭരണാനുമതിയും രണ്ടാം ഘട്ടമായി 7 ചെക്ക്ഡാമുകൾ നിർമ്മിക്കുന്നതിന് 378 ലക്ഷം രൂപയുടെ ഭരണാനുമതിയും സർക്കാർ നൽകുകയുണ്ടായി. ഇതിലെ ചില പദ്ധതികൾ പുരോഗമിക്കുകയും ബാക്കിയുള്ളവ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

(സി) ജലഅതോറിറ്റി പൂർത്തീകരിച്ച പദ്ധതികൾമൂലം ഒരു പരിധിവരെ ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റെടുത്ത എല്ലാ പദ്ധതികളും പൂർത്തീകരിച്ച് കഴിയുമ്പോൾ വരൾച്ചയെ നേരിടുവാനുള്ള ലക്ഷ്യം കൈവരിക്കാവുന്നതാണ്.

ഭൂജല വകുപ്പിന്റെ പദ്ധതി ലക്ഷ്യം നേടിയിട്ടുണ്ട്. 18,814 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

ജലസേചനവകുപ്പിന് കീഴിൽ ചെക്ക് ഡാമുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ പദ്ധതി ലക്ഷ്യം നേടുന്നതാണ്.

ആധാർ അടിസ്ഥാനമാക്കി ക്ഷേമനിധി ആനുകൂല്യങ്ങൾ

21 (*81) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അടിസ്ഥാനമാക്കി ബാങ്കുവഴി വിതരണംചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനംവഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly